# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

നവംബർ
NOVEMBER 24 2016

## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com


### ഭക്തസുരക്ഷയ്ക്ക് പോലീസിന്റെ സുസജ്ജമായ ക്രമീകരണം: സി.സി.ടി.വി. നിരീക്ഷണം അടുത്തയാഴ്ച മുതൽ

ശബരിമല: ഭക്തരുടെ സുരക്ഷിതമായ അയ്യപ്പ ദർശനത്തിനും ക്ഷേത്രത്തിന്റെ സുരക്ഷയ്ക്കുമായി സുസജ്ജമായ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് സന്നിധാനം പോലിസ് സ്പെഷ്യൽ ഓഫീസർ പി.എൻ രമേഷ്കുമാർ അറിയിച്ചു. ജനക്കൂട്ടത്തെ നിയന്ത്രിച്ച് സുരക്ഷിതമായി പതിനെട്ടാം പടിയിൽ എത്തിക്കുക, അയ്യപ്പദർശനം കഴിഞ്ഞ് അവരെ സുരക്ഷിതമായി പമ്പയിൽ എത്തിക്കുക, ക്ഷേത്രത്തിന്റെ സുരക്ഷ ഉറപ്പാക്കുക എന്നീ ചുമതലകൾ നിർവഹിക്കാൻ എ.ഡി.ജി.പിയുടെ (ബറ്റാലിയൻ) നേതൃത്വത്തിലാണ് പോലീസ് സേന പ്രവർത്തിക്കുന്നത്.

രണ്ട് ഐ.ജിമാരും ഒരു ഡി.ഐ.ജിയും ടീമിലുണ്ട്. ഇവരുടെ മേൽനോട്ടത്തിൽ സെപ്ഷ്യൽ ഓഫീസറാണ് പ്രവർത്തനങ്ങളുടെ ഏകോപനം. മരക്കൂട്ടം, ശരംകുത്തി, യൂടേൺ, നടപ്പന്തൽ, പതിനെട്ടാംപടി, സോപാനം, കൊടിമരം, മാളികപ്പുറം, പാണ്ടിത്താവളം തുടങ്ങി പത്ത് മേഖലകളായി തിരിച്ചാണ് സന്നിധാനത്തെ പോലീസ് സേനയുടെ പ്രവർത്തനം. മൂന്ന് ഷിഫ്റ്റുകളിലായി 1000 പോലീസ് ഓഫീസർമാരെയാണ് ശബരിമലയിൽ ഡ്യൂട്ടിക്ക് നിയോഗിച്ചിരിക്കുന്നത്.

ഓരോ മേഖലയിലെയും പ്രവർത്തനത്തിന് 10 ഡി.വൈ.എസ്.പിമാരാണ് മേൽനോട്ടം വഹിക്കുന്നത്. ഇതിനുകീഴിൽ 25 സർക്കിൾ ഇൻസ്പെകൂർമാരും, 55 സബ് ഇൻസ്പെകൂർമാരും 780 കോൺസ്റ്റബിൾമാരും അടങ്ങിയ സുസജ്ജമായ സേനയാണ് സന്നിധാനത്തും പരിസരത്തും കർമനിരതമായിരിക്കുന്നത്. ക്ഷേത്ര സുരക്ഷയ്ക്കായി കേരള പോലീസിന്റെയും കേന്ദ്രത്തിന്റെയും സായുധ സേനകളെയാണ് വിന്യസിച്ചിരിക്കുന്നത്. കേരള പോലീസിലെ തണ്ടർ ബോൾട്ടിന്റെ 40 പേരെയും റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ 120 പേരെയും എൻ.ഡി.ആർ.എഫിന്റെ 40 പേരെയും നിയോഗിച്ചിരിക്കുന്നു.

ഏത് അടിയന്തര സാഹചര്യത്തെയും നേരിടാനായി പിസ്റ്റൾധാരികളായ 10 പേരടങ്ങുന്ന ഒരു സംഘവും സന്നിധാനത്ത് ഉണ്ട്. പമ്പമുതൽ സന്നിധാനം വരെയുള്ള സ്ഥലങ്ങളിൽ പാണ്ടിത്താവളം, മരക്കൂട്ടം എന്നിവടങ്ങളാണ് പ്രശ്നബാധിത സ്ഥലങ്ങളായി കണ്ടെത്തിയിട്ടുള്ളത്. ഇവിടെ കൂടുതൽ സുരക്ഷ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മെറ്റൽ ഡിറ്റക്ടർ, എക്സ്റേ സ്കാനിങ് മെഷിൻ എന്നിവ ഉപയോഗിച്ച് ഭക്തർക്ക് ബുദ്ധി

മുട്ടുണ്ടാക്കാതെ പരിശോധിച്ചാണ് കടത്തിവിടുന്നത്. സന്നിധാനം മുതൽ മരക്കൂട്ടം വരെയുള്ള 22 സ്ഥലങ്ങളിൽ സി.സി.ടി.വി കാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ അടുത്ത ആഴ്ച മുതൽ പ്രവർത്തിച്ചുതുടങ്ങും. ഇവയുടെ കൺട്രോൾ റൂം പമ്പയിലാണ് പ്രവർത്തിക്കുന്നത്. 24 മണിക്കൂറും ഇവ നിരീക്ഷിച്ച് സുരക്ഷാക്രമീകരണങ്ങളിൽ ആവശ്യമായ നിർദേശങ്ങൾ നൽകാൻ കഴിയുമെന്ന് പി.എൻ. രമേഷ്കുമാർ പറഞ്ഞു.

## ദേവസ്വം മെസിൽ യന്ത്രമെത്തി
## ഇനി മണിക്കൂറിൽ 3000 ചപ്പാത്തി

ശബരിമല: സന്നിധാനത്ത് ദേവസ്വം മെസ്സിൽ സ്ഥാപിച്ച ചപ്പാത്തി മേക്കറിന്റെ പ്രവർത്തനം ദേവസ്വം ബോർഡ് അംഗം അജയ് തറയിൽ ഉദ്ഘാടനം ചെയ്തു. മണിക്കൂറിൽ 3,000 ചപ്പാത്തി വരെ ഉണ്ടാക്കാവുന്ന ആധുനിക സംവിധാനമാണ് തയ്യാറാക്കിയത്. സന്നിധാനത്തെ ജീവനക്കാർക്ക് നൽകുന്ന ഭക്ഷണത്തിൽ ചപ്പാത്തിയും ഉൾപ്പെടുത്താൻ ഇതിലൂടെ സാധിക്കും. ജയിൽ ചപ്പാത്തി ഉണ്ടാക്കാൻ ഉപയോഗിക്കുന്ന വെസ്റ്റ എൻജിനീഴ്സ് എന്ന കമ്പനിയാണ് മെഷീൻ സ്ഥാപിച്ചത്. നേരത്തെ ഇതിന്റെ പ്രവർത്തനം പരിശോധിച്ചിരുന്നു.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 24 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

### സന്നിധാനത്ത് നിയമ സഹായവുമായി ലീഗൽ സർവ്വീസ് അതോറിറ്റി

ശബരിമല: അയ്യപ്പഭക്തർക്ക് ആവശ്യമെങ്കിൽ നിയമസഹായം ഉറപ്പാക്കുന്നതിന് ഡിസംബർ ഒന്നു മുതൽ സന്നിധാനത്ത് ലീഗൽ സർവ്വീസ് അതോറിറ്റിയുടെ ഓഫീസ് പ്രവർത്തിക്കും. സന്നിധാനം പോലീസ് സ്റ്റേഷന് സമീപത്താണ് ഓഫീസ് പ്രവർത്തനം. നിയമപരമായ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന സന്ദർഭത്തിൽ അത് ചോദ്യം ചെയ്യാൻ പരമാവധി സഹായം നൽകുകയെന്നതാണ് ലക്ഷ്യം.

സംസ്ഥാനത്തിനുള്ളിൽ നിന്നും ഇതരസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന ഭക്തർക്ക് ഏതു തരത്തിലുള്ള നിയമ പ്രശ്നം സംബന്ധിച്ചും സഹായം തേടാം. കൂടുതൽ ഇടപെടലുകൾ ആവശ്യമുള്ള പരാതികൾ മുകൾ തട്ടിലേക്ക് അയച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഇതിന്റെ ഭാഗമായുണ്ട്. നിയമ ബോധവൽക്കരണത്തിനായി ഇലക്ട്രോണിക് ബോർഡുകളിൽ ഡിസ്പ്ലേ നടത്തുന്നതടക്കമുള്ള പ്രവർത്തനങ്ങളും നടത്തും. വിവരങ്ങൾക്ക് ഫോൺ: 9846700100, 0468- 2220141. ഇ-മെയിൽ: kelsakerala@gmail.com

### കൂടുതൽ അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിച്ചു

ശബരിമല: അയ്യപ്പ ഭക്തർക്കുള്ള യാത്രാസൗകര്യം ഉറപ്പു വരുത്തുന്നതിന് കെ.എസ്.ആർ.ടി.സി. പമ്പയിൽ നിന്ന് കൂടുതൽ അന്തർസംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിച്ചു. കോയമ്പത്തൂർ, കന്യാകുമാരി റൂട്ടുകളിലേക്ക് ഇന്നലെ മുതൽ സൂപ്പർഫാസ്റ്റ് ബസുകൾ ഓടിത്തുടങ്ങി. മറ്റ് ഭാഗങ്ങളിലേക്ക് അനുവദിച്ചിട്ടുള്ള ബസുകൾ പമ്പയിൽ തയ്യാറായി നിൽക്കും. ദീർഘദൂര യാത്രയ്ക്ക് ആവശ്യമായ യാത്രക്കാർ എത്തുന്നതനുസരിച്ച് ഇവ സർവ്വീസ് നടത്തും.

പുനലൂർ വഴി തെങ്കാശിക്ക് ഏഴ് ബസ്,കുമളി- കമ്പം- തേനി വഴി പളനിക്ക് നാല്, മധുരയിലേക്ക് മൂന്ന്, ചെന്നൈയിലേക്ക് രണ്ട് ശബരി ഡീലക്സും രണ്ട് സൂപ്പർഫാസ്റ്റും, തേനിയിലേക്ക് മൂന്ന് ബസ് എന്നിങ്ങനെയാണ് സർവ്വീസ് അനുവദിച്ചിട്ടു

ള്ളത്. കോയമ്പത്തൂരിലേക്ക് രാവിലെ അഞ്ചിനും ഏഴിനും സർവ്വീസുണ്ട്. മറ്റുള്ളവയുടെ കൃത്യമായ ഷെഡ്യൂൾ തയ്യാറായിട്ടില്ല. തിരക്ക് കൂടുന്നതു വരെ ആവശ്യകതയനുസരിച്ചാകും സർവ്വീസ്. നിലവിൽ ഓൺലൈൻ ബുക്കിംഗ് ഇല്ല. തിരക്ക് കൂടുന്നതോടെ കെ. എസ്.ആർ.ടിസി.യുടെ ഔദ്യോഗിക വെബ്സൈറ്റിൽ ഓൺലൈൻ ബുക്കിംഗിന് സൗകര്യമുണ്ടാകും. വിവരങ്ങൾക്ക്: ഫോൺ– 04735 203445.




# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER 24 | 2016 |
|---|---|

## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

### മണ്ഡലകാലം: മുൻവർഷത്തേക്കാൾ മൂന്നു കോടിയുടെ അധികവരുമാനം

ശബരിമല: മണ്ഡലകാല മഹോൽസവത്തോടനുബന്ധിച്ച് നടതുറന്ന് എട്ടുദിവസത്തെ കണക്ക് അനുസരിച്ച് നടവരവിൽ തൊട്ടുമുൻവർഷത്തെ ഇതേകാലയളവിനേക്കാൾ മൂന്നുകോടിരൂപയിലധികം വർധന ഉണ്ടായതായി തിരുവതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞു. ദേവസ്വം ബോർഡ് ആരംഭിച്ച വെബ്സൈറ്റ്, ഫെയ്സ്ബുക്ക്, ടി്വറ്റർ, യൂട്യൂബ് അക്കൗണ്ടുകൾ എന്നിവയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞവർഷം ഇക്കാലയളവിൽ 19.95 കോടി രൂപയായിരുന്നു മൊത്തം നടവരവ് എങ്കിൽ ഈ വർഷം അത് 22.66 കോടി രൂപയായി വർധിച്ചു. അരവണ വിൽപ്പന 6.5 കോടിയിൽ നിന്ന് 8.8 കോടി രൂപയായി വർധിച്ചു. ഭണ്ഡാര വരവ് 7.2 കോടി രൂപയിൽ നിന്ന് 8.3 കോടി രൂപയായും അപ്പം വിൽപ്പന 1.46 കോടിയിൽ നിന്ന് 1.79 കോടി രൂപയായും വർധിച്ചു എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നോട്ട് പ്രതിസന്ധി മറികടക്കാൻ ഇ-കാണിക്ക ഉൾപ്പെടെ എല്ലായിടത്തും കാർഡ് പേയ്മെന്റ് സൗകര്യം ഏർപ്പെടുത്തിയതായി ബോർഡ് മെമ്പർ അജയ് തറയിൽ പറഞ്ഞു.

ചില്ലറ ക്ഷാമം ഒഴിവാക്കാൻ 2000 രൂപയുടെയും 500 രൂപയുടെയും പ്രസാദകിറ്റുകളും തയ്യാറാക്കിയിട്ടുണ്ട്. പഴയ നോട്ടുകൾ മാറാനുള്ള ധനലക്ഷ്മി ബാങ്കിന്റെ കൗണ്ടറുകളുടെ എണ്ണം രണ്ടായി വർധിപ്പിച്ചിട്ടുണ്ടെന്നും അജയ് തറയിൽ അറിയിച്ചു. ദർശനത്തിന് എത്തുന്ന ഭക്തരുടെ എണ്ണത്തിൽ 15 ശതമാനത്തിലധികം വർധന വന്നതായും ദർശന സമയം ദീർഘിപ്പിച്ചതും സുഗമ ദർശനത്തിന് കൂടുതൽ സൗകര്യം ഏർപ്പെടുത്തിയതുമൂലവുമാണ് തിരക്ക് അനുഭവപ്പെടാത്തതെന്നും അജയ് തറയിൽ ചൂണ്ടിക്കാട്ടി.

## ശബരിമല ഇനി നേരിട്ട് തൽസമയം: പുതിയ വെബ്സൈറ്റ് തുടങ്ങി

ശബരിമല: നടപ്പന്തൽ, പതിനെട്ടാം പടി, സോപാനം, അന്നദാനം, മാളികപ്പുറം എന്നിവിടങ്ങളിലെ വിശേഷങ്ങൾ 24 മണിക്കൂറും ലോകത്ത് എവിടെയിരുന്നും തൽസമയം കാണാവുന്ന വെബ്സ്ട്രീമിങ് ആരംഭിച്ചു. തിരുവതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്ത www. sabarimala.tdb.org.in എന്ന വെബ്സൈറ്റിലാണ് തൽസമയ കാഴ്ചകൾ. ശബരിമല ഒഫീഷ്യൽ എന്ന പേരിൽ ടിറ്റർ, ഫെയ്സ് ബുക്ക് അക്കൗണ്ടുകളും പ്രവർത്തനം തുടങ്ങി. വീഡിയോ കാഴ്ചകൾക്കായി വീഡിയോ കാഴ്ചകൾക്കായി യൂ ട്യൂബ് അക്കൗണ്ടും മൊബൈൽ ആപ്ലിക്കേഷനും പ്രവർത്തനം തുടങ്ങി. ഗസ്റ്റുഹൗസിൽ ചേർന്ന ഉദ്ഘാടനചടങ്ങിൽ ദേവസ്വം ബോർഡംഗം അജയ് തറയിൽ, ദേവസ്വം കമ്മീഷണർ സി.പി രാമരാജ പ്രേമപ്രസാദ്, എക്സിക്യൂട്ടീവ് ഓഫീസർ ആർ.രവിശങ്കർ, ഫെസ്റ്റിവൽ കൺട്രോളിങ് ഓഫീസർ സോമശേഖരൻനായർ, ചീഫ് എൻജിനീയർ (ജനറൽ) വി.മുരളീകൃഷ്ണൻ, എക്സിക്യൂട്ടീവ് എഞ്ചിനിയർ ജി.കൃഷ്ണകുമാർ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**ഫോട്ടോ–** ശബരിമലയുടെ പുതിയ വെബ്സൈറ്റ് തിരുവതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

നവംബർ

NOVEMBER 24 2016

## ശബരിമല പത്രക്കുറിപ്പ്


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com


### ഇന്നലെ ചികിൽസ തേടിയത് 2313 പേർ: കൊതുകുനശീകരണത്തിനായി ഫോഗിങ്

ശബരിമല: തീർഥാടകരായ 2313 പേരാണ് ഇന്നലെ പമ്പയിലും പരിസരത്തുമായുള്ള വിവിധ ആശുപത്രികളിലും ഡിസ്പെൻസറികളിലുമായി ചികിൽസ തേടിയത്. ഇതോടെ തീർഥാടനകാലം തുടങ്ങിയശേഷം ചികിൽസ തേടിയവരുടെ എണ്ണം 20732 ആയി. പമ്പയിലെ ഗവ.ഡിസ്പെൻസറിയിൽ 375 പേരാണ് ചികിൽസ തേടിയത്. ഇതിൽ 356 പുരുഷന്മാരും 14 വനിതകളും അഞ്ചു കുട്ടികളും ഉൾപ്പെടുന്നു. ഇതിൽ ഹൃദയസംബന്ധമായ അസുഖങ്ങളാൽ ചികിൽസയ്ക്കെത്തിയത് 69 പേരാണ്. നീലിമല ഡിസ്പെൻസറിയിൽ 79 പുരുഷന്മാരും ആറു വീതം വനിതകളും കുട്ടികളും ചികിൽസ തേടിയതിൽ 38 പേർ ഹൃദയസംബന്ധമായ അസുഖങ്ങളുള്ളവരാണ്.

സന്നിധാനം ഡിസ്പെൻസറിയിൽ 1120 പേർ ചികിൽസ തേടിയതിൽ 1073 പുരുഷന്മാരും 19 വനിതകളും 28 കുട്ടികളും ഉൾപ്പെടുന്നു. ഇതിൽ 222 പേർ ഹൃദയസംബന്ധമായ അസുഖങ്ങൾക്കാണ് ആശുപത്രിയിലെത്തിയത്. അപ്പാച്ചിമേട്ടിൽ 129 പേർ ചികിൽസ തേടിയതിൽ പുരുഷന്മാർ 107 ഉം വനിതകൾ എട്ടും കുട്ടികൾ 14 ഉം ആണ്. 35 കേസ് ഹൃദയസംബന്ധമായിരുന്നു. നിലയ്ക്കലിൽ ചികിൽസ തേടിയ 167 പേരിൽ 149 പുരുഷന്മാരും 15 വനികളും മൂന്നു കുട്ടികളുമുണ്ട്. ഇതിൽ രണ്ടു പേർ ഹൃദയസംബന്ധമായ അസുഖത്തിനാണ് ചികിൽസ തേടിയത്.

കൊതുകുനശീകരണത്തിന്റെ രണ്ടാംഘട്ടമായി ദേവസ്വം മെസ്, കൊപ്രക്കളം എന്നിവടങ്ങൾ കേന്ദ്രീകരിച്ച് ഫോഗിങ് നടത്തി. ഹെൽത്ത് ഇൻസ്പെക്ടർ സന്തോഷിന്റെ നേതൃത്വത്തിലായിരുന്നു ഫോഗിങ്. പമ്പയിലും പരിസരങ്ങളിലും ആരോഗ്യവിഭാഗം പ്രത്യേക പരിശോധനകൾ നടത്തുന്നുണ്ട്. തീർഥാടനമേഖലയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളിലും 1800 425 1606 എന്ന ടോൾഫീ നമ്പർ അടങ്ങിയ പോസ്റ്റർ പതിപ്പിച്ചു. സ്ഥാപനങ്ങളുടെ നമ്പരും അടങ്ങിയതാണ് പോസ്റ്റർ. ഏതെങ്കിലും തരത്തിലുള്ള പരാതികൾ തീർഥാടകർക്കുണ്ടെങ്കിൽ പരാതിപ്പെടാം. ഇംഗ്ലീഷ്, ഹിന്ദി, മലയാളം, കന്നഡ ഭാഷകളിൽ ഇതു സംബന്ധിച്ച് അറിയിപ്പുണ്ട്.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.